**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **14-03-2022 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നോക്കുകൂലി നിരോധിച്ച ശേഷവും നോക്കുകൂലി ആവശ്യപ്പെടുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് നേരിട്ടെത്തി നടപടികൾ സ്വീകരിച്ച് അധികമായി വാങ്ങിയ തുക തിരികെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും മറ്റ് ചില അവസരങ്ങളിൽ തൊഴിലാളികൾക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നോക്കുകൂലി ആവശ്യപ്പെടുന്നത് ക്രിമിനൽ കുറ്റമായി പരിഗണിക്കണമെന്ന് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | നോക്കുകൂലി ആവശ്യപ്പെടുന്ന പക്ഷം ആയതിന്റെ യഥാർത്ഥ വസ്തുത പരിശോധിച്ച ശേഷം ബാധകമായ Indian Penal Code-ലെ പ്രൊവിഷനുകൾ പ്രകാരം Extortion കേസുകൾ ആയി കണക്കാക്കാൻ പോലീസ് അധികാരികൾക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം നല്കിയിട്ടുണ്ട്. തൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതിനെതിരെ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് ശക്തമായ തീരുമാനങ്ങൾ എടുത്തു വരുന്നുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെയും, ലേബർ കമ്മീഷണറേറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാ കമ്മിറ്റി തലത്തിൽ തൊഴിലാളികൾക്ക് "നോ - നോക്കുകൂലി 21" എന്ന പേരിൽ നോക്കുകൂലിക്കെതിരെ അവബോധന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. നോക്കുകൂലി സംബന്ധമായ ഏത് പരാതിയ്ക്കും അന്വേഷണം നടത്തി സസ്പെൻഷൻ അടക്കമുള്ള ശിക്ഷാനടപടികൾ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് യഥാസമയം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ